# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1359 — 13.12.2012-ൽ മറുപടിയ്ക്ക്

## കോഴിക്കോട് മോണോ റെയിൽ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ.ആർ.രാജേഷ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് മോണോ റെയിൽ പദ്ധതിക്ക് വേണ്ടി വിൽബർ സ്മിത്ത് എന്ന കൺസൾട്ടൻസി സ്ഥാപനം തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഡി.എം.ആർ.സി ഉപദേശകൻ ശ്രീ.ഇ.ശ്രീധരൻ നിർദ്ദേശിച്ച മാറ്റങ്ങൾ എന്തൊക്കെയായിരുന്നു ; വിശദമാക്കാമോ ; ഇത് പൂർണ്ണമായും അംഗീകരിച്ചിട്ടുണ്ടോ ; | (എ) മോണോ റെയിൽ പദ്ധതിയുടെ ഡിപ്പോ മെഡിക്കൽ കോളേജ് ജംഗ്ഷനിൽ നിന്നും മെഡിക്കൽ കോളേജ് ഹോസ്റ്റലിനടുത്തുള്ള പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന് സമീപത്തേക്ക് മാറ്റുക, മോണോ റെയിലിന്റെ അലൈൻമെന്റ് ഈ ഡിപ്പോ വരെ നീട്ടുക, കോഴിക്കോട് റെയിൽവേ സ്റ്റേഷൻ കൂടി ബന്ധിപ്പിക്കുന്ന രീതിയിൽ മോണോ റെയിലിന്റെ അലൈൻമെന്റ് മാറ്റുക എന്നിവയാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രധാന മാറ്റങ്ങൾ. ഈ നിർദ്ദേശങ്ങളെല്ലാം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | മോണോ റെയിൽ പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കായിരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (ബി) മോണോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുവാനും പദ്ധതിയുടെ ടേൺ കീ കൺസൾട്ടന്റായി ഡി.എം.ആർ.സി യെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്ര ; സർക്കാർ വിഹിതം എത്ര ; അതിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര ; ഏത് സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത് ; | (സി) 1991 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുകയായി പ്രതീക്ഷിക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കോഴിക്കോട് മോണോ റെയിൽ പദ്ധതിക്കായി പ്രത്യേകിച്ച് തുകയൊന്നും വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ ചെലവിന്റെ 20% ഗ്രാന്റായി കേന്ദ്ര സർക്കാരിൽ നിന്നും 20% സംസ്ഥാന സർക്കാരിൽ നിന്നും സ്വരൂപിക്കണമെന്നാണ് ഡി.എം.ആർ.സി യുടെ നിർദ്ദേശം. ഇതുകൂടാതെ ചെലവിന്റെ 36% സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയോടു കൂടി സപ്ലൈയേഴ്സ് ക്രെഡിറ്റ് ആയി കൊണ്ടുവരാൻ സാധിക്കുമെന്നും ഡി.പി.ആറിൽ വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിക്കായി നിലവിലുള്ള ഏതെല്ലാം റോഡുകൾ എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനുദ്ദേശിക്കുന്നു ; | (ഡി) | പദ്ധതി നടത്തിപ്പിനായി മാനാഞ്ചിറ മുതൽ മീഞ്ചന്ത വരെയുള്ള റോഡ് വീതികൂട്ടണമെന്നാണ് ഡി.എം.ആർ.സി യുടെ നിർദ്ദേശം. വിശദമായ പഠനം നടത്തുവാനും അതിനനുസൃതമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കേരള റോഡ് ഫണ്ട് ബോർഡ് നടപടികൾ എടുത്തുവരുന്നു. |
| (ഇ) | എത്ര സ്വകാര്യ വ്യക്തികളിൽ നിന്നും എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും ; | (ഇ) | വിശദമായ പഠനത്തിനുശേഷം മാത്രമേ ഏറ്റെടുക്കേണ്ട സ്വകാര്യഭൂമിയുടെ വിശദവിവരം ലഭ്യമാകുകയുള്ളൂ. |
| (എഫ്) | മോണോ റെയിൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഏത് വകുപ്പിനെയാണ് ഏല്പിച്ചിരിക്കുന്നത്? | (എഫ്) | മോണോ റെയിൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപിച്ചിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**